# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 26

## *ഗവ . ഹാർബർ ഏര്യ യു .പി . സ്കൂൾ*

## വിഴിഞ്ഞം

GOVT. HARBOUR AREA UP SCHOOL

VIZHINJAM

# ആമുഖം

## പൊതു വിദ്യാലയങ്ങൾ - മികവിൻ്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ എത്തിക്കുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കലുമാണ് ഈ മാസ്റ്റർപ്ലാനിൻ്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

അറബി കടലോരത്ത് അഞ്ചര പതിറ്റാണ്ട് കാലത്തോളം വിജ്ഞാനം പകർന്നു നൽകിയ വിഴിഞ്ഞം ഹാർബർ ഏരിയ ലോവർ പ്രൈമറി സ്കൂൾ, വിഴിഞ്ഞം ഹാർബർ ഏരിയ അപ്പർ പ്രൈമറി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ട ആദ്യ അധ്യായന വർഷം പുതുമകൾ നിറഞ്ഞതും സമഗ്ര വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കിയുള്ള കുതിച്ചു ചാട്ടത്തിനും ഉതകുന്നതാവും എന്നത് ഉറപ്പാണ്. എല്ലാ ക്ഷണിക പദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന അദ്ധ്യാപകരും ജീവനക്കാരും , സജീവമായ പി.ടി.എ, എം.പി.ടി.എ. സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിൻ്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിൻ്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കാമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

*ഹെഡ്മാസ്റ്റർ*

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി.എച്ച്.എ. യു.പി.എസ്. ,വിഴിഞ്ഞം |
| മേൽവിലാസം | : | ഹാർബർ വാർഡ് , വിഴിഞ്ഞം ,കോവളം |
| ഫോൺ | : | 7012417284 |
| സ്കൂൾ കോഡ് | : | 44223 |
| വിദ്യാഭ്യാസ ഉപജില്ല | : | ബാലരാമപുരം |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി. | : | ബാലരാമപുരം |
| സി.ആർ.സി. | : | വിഴിഞ്ഞം |
| തദ്ദേശ ഭരണ കേന്ദ്രം | : | തിരുവനന്തപുരം നഗരസഭ |
| ബ്ലോക്ക് പഞ്ചായത്ത് | : | അതിയന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : | കോവളം |
| ലോകസഭാ മണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| വില്ലേജ് | : | വിഴിഞ്ഞം |
| ഇ - മെയിൽ വിലാസം | : | govt.halpsvzm@gmail.com |
| ഫേസ്ബുക്ക് | : | Ghalps vizhinjham |
| യൂട്യൂബ് | : | Ghalps vizhinjham |
| സ്കൂൾ വിക്കി | : | ഗവ.എച്ച്.എ.യു.പി.എസ്. വിഴിഞ്ഞം (44223) |

# വിദ്യാലയ ചരിത്രം

അറബിക്കടലിന്റെ തിരത്ത് ലോകപ്രശസ്ത വിനോദ സഞ്ചാരകേന്ദ്രമായ കോവളത്തിനും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും ഇടയിൽ മത്സ്യത്തൊഴിലാളികളായ ഇസ്ലാം മതവിശ്വാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. നിരക്ഷരരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ ഇവിടുത്തെ ജനതയുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് വിഴിഞ്ഞം തെക്കുംഭാഗം മുസ്ലീം ജമാ-അത്തിൻ്റെ നേതൃത്വത്തിൽ 1968 സ്ഥാപിതമാകുകയും 1970 ൽ സർക്കാർ ഏറ്റെടുക്കുകയും ചെയ്തതാണ് ഈ വിദ്യാലയം .

വിഴിഞ്ഞം തെക്കുംഭാഗം മുസ്ലിം ജമാഅത്ത് ദാനംചെയ്ത അൻപത് സെന്റ് ഭൂമിയിലാണ് വിദ്യാലയം നിലകൊണ്ടിരുന്നത്.സ്കൂൾ വികസനത്തിനായി ഭൂമി അനുവദിക്കണമെന്നുള്ള വർഷങ്ങളായിട്ടുള്ള നാട്ടുകാരുടെ ആഗ്രഹം 2024 ജനുവരി രണ്ടാം വാരത്തിൽ സഫലമായി. തിരുവനന്തപുരം ജില്ലാ കലക്ടറുടെ ഓർഡർ പ്രകാരം 50 സെൻറ് ഭൂമി കേരള സർക്കാർ സ്കൂൾ വികസനത്തിനായി അനുവദിച്ചു. അപ്രകാരം ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്നത് വിശാലമായ ഒരേക്കർ ഭൂമിയിലാണ് . 2014 ൽ മോഡൽ സ്കൂൾ പദവി ഈ വിദ്യാലയത്തിന് ലഭിക്കുകയുണ്ടായി.പതിറ്റാണ്ടുകളായുള്ള പ്രയത്നവും പരിശ്രമവും പൂർത്തിയാക്കി,നീണ്ട അൻപത്തിയഞ്ചു വർഷങ്ങൾക്ക് ശേഷം,2025 മെയ് അവസാന ത്തോടുകൂടി, ഹാർബർ ഏര്യ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് അപ്പർ പ്രൈമറി സ്കൂളായി കേരള സർക്കാർ അംഗീകരിച്ചു.അതിനാൽ 2025 - 26 അദ്ധ്യായന വർഷത്തോടെ സ്കൂൾ യു.പി. സ്കൂൾ ആയിട്ടാണ് പ്രവർത്തിക്കുന്നത്.

വിദ്യാഭ്യാസത്തിലൂടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്.അക്കാലത്തെ കുട്ടികൾ വിദ്യാദ്യാസപരമായും സാമൂഹികമായും വളരെ പിന്നിലായിരുന്നു.അക്രമവാസന, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവയ്ക്ക് ഒരു മാറ്റമുണ്ടാകാൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കും എന്ന കാഴ്ചപ്പാട് ഈ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിന് പ്രചോദനമേകി.ഇന്ന് മേഖലയിലെ വിദ്യാഭ്യാസപരമായി വളരെ മുന്നേറിക്കഴിഞ്ഞു. കലാ- കായികരംഗത്തും മുൻപന്തിയിലുള്ളവരാണ്. ഒരു നാടിൻ്റെ വികസനം തന്നെ ഈ കുഞ്ഞുങ്ങളുടെ കൈകളിലാണ്.നാടിൻ്റെ സർവോന്മുഖമായ വികസനം സാധ്യമാക്കുന്ന വിളനിലമായി ഈ വിദ്യാലയം വർത്തിക്കുന്നു.

# വിദ്യാലയം - ഇന്ന്

ഈ വിദ്യാലയത്തിൽ ഇപ്പോൾ, പ്രീ-പ്രൈമറി, പ്രൈമറി വിഭാഗങ്ങളിലായി 349 കുട്ടികൾ പഠിയ്ക്കുന്നു. പ്രൈമറി വിഭാഗത്തിൽ ഹെഡ്മാസ്റ്റർ ഉൾപ്പെടെ 11 അദ്ധ്യാപകരും 2 താത്കാലിക അദ്ധ്യാപകരും , പി.റ്റി.സി.എമ്മും സേവനം അനുഷ്ഠിച്ചു വരുന്നു. പ്രി-പ്രൈമറി വിഭാഗത്തിൽ 4 അദ്ധ്യാപകരും 2 ആയമാരും പ്രവർത്തിച്ചുവരുന്നു. 6ബസ്സ്ഡ്രൈവർ, ആയ, പാചകത്തൊഴിലാളികൾ എന്നിങ്ങനെ പ്രവർത്തനങ്ങളിൽ കൈകോർക്കുന്നത് 24 ജീവനക്കാരാണ് .

ഏകദേശം ഇരുപതിനായിരം സ്ക്വയർ ഫീറ്റ് വിസ്തൃതിയിലുള്ള മൂന്നു ഇരുനില കോൺക്രീറ്റ് കെട്ടിടങ്ങളിലും, രണ്ടു ചെറിയ കോൺക്രീറ്റ് ബിൽഡിങ്ങുകളിലുമാണ് സ്കൂൾ പ്രവർത്തിച്ചു വരുന്നത്. 24 മണിക്കൂറും സി. സി..ടി. വി. നിരീക്ഷണത്തിലുള്ള സുരക്ഷിതമായ അച്ചടക്കംസ്കൂൾ ക്യാമ്പസ് ഉറപ്പു നൽകുന്നു. . സ്മാർട്ട് ക്ളാസ്സ്റൂമുകൾ, ക്ലാസ്സ് ലൈബ്രറി, മികച്ച സ്കൂൾ ലൈബ്രറി, കമ്പ്യൂട്ടർ റൂം, സ്റ്റോർ റൂം,രണ്ടായിരത്തി അഞ്ഞൂറ് സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള ഒരു സ്വതന്ത്രവും വിശാലവുമായ ഭക്ഷണഹാൾ, അഞ്ഞൂറോളം പേർക്ക് ഒരു സമയത്ത് ഇരിക്കാവുന്ന അസംബ്ളി ഹാൾ ,16 ക്ളാസ്സ് മുറികളും തുടങ്ങി ഇത്രയും **സൗകര്യങ്ങൾ ഉള്ള** സ്കൂളാണിത് .

1968 മുതൽ നീണ്ട 56 വർഷം ലോവർ പ്രൈമറി സ്കൂൾ ആയി പ്രവർത്തിച്ച ശേഷം , വിഴിഞ്ഞം ഹാർബർ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി, പതിറ്റാണ്ടുകളായുള്ള ഈ നാട്ടുകാരുടെ സ്വപ്നവും സാക്ഷാൽക്കരിച്ച്, 2025 മെയ് മാസത്തിൽ കേരള സർക്കാർ അപ്പർ പ്രൈമറിയായി ഈ സ്കൂളിനെ ഉയർത്തിയതുകൊണ്ട് ഇപ്പോൾ വിഴിഞ്ഞം ഗവ. എച്ച്.എ.യു.പി.എസ്. ആയി വിദ്യാലയം മാറിയിട്ടുണ്ട്.

# നേട്ടങ്ങൾ

- പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ ഇവിടത്തെ കുട്ടികൾ മികച്ച പ്രകടനമാണ് കാഴ്ച വയ്ക്കുന്നത്. തുടർച്ചയായി വർഷങ്ങളോളം അറബിക് കലോത്സവത്തിൽ ഓവറാൾ കിരീടം ഈ വിദ്യാലയത്തിനായിരുന്നു.

- 2024 - 25 അധ്യയന വർഷത്തിൽ ഉപജില്ലയിലെ വിദ്യാലയങ്ങക്കിടയിൽ നടത്തിയ പ്രവർത്തന മികവ് അവതരണ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ ഹാർബർ സ്കൂളിന് സാധ്യമായി.

- 2014-ൽ മോഡൽ സ്കൂൾ പദവി ഈ വിദ്യാലയത്തിനു ലഭിക്കുകയുണ്ടായി.

- 2017 - 18 കാലഘട്ടത്തിൽ നല്ലപാഠം പദ്ധതിയിൽ തിരഞ്ഞെടുത്ത 41 സ്കൂളുകളിൽ ഒരു സ്കൂൾ ആയിരുന്നു.

- മലയാള മനോരമ ദിനപത്രത്തിന്റെ നല്ലപാഠം പദ്ധതിയുടെ ഭാഗമായി സ്കൂളിൽ നിന്നും മികവാർന്ന ലേഖനങ്ങൾ നൽകിയതിന് 2021 ൽ വീണ്ടും അവരുടെ പ്രത്യേക പുരസ്കാരം വിഴിഞ്ഞം ഗവൺമെൻറ് ഹാർബർ ഏരിയാ എൽ.പി. സ്കൂളിൽ എത്തിയിട്ടുണ്ട്.

- മികവാർന്ന പ്രവർത്തനങ്ങൾക്ക് മഹാത്മാഗാന്ധി എഡ്യൂക്കേഷൻ അക്കാഡമി നൽകിയ 'വർണ്ണജാലകം 'എന്ന പുരസ്കാരം 2018 - 19 കാലയളവിൽ ഗവൺമെന്റ് ഹാർബർ ഏരിയ എൽ.പി.സ്കൂൾ നേടിയിട്ടുണ്ട്.

- യൂണിക്സ് അക്കാദമി നടത്തുന്ന ഐ.ടി., ജി.കെ. പരീക്ഷയിൽ ഉന്നത വിജയം നേടിയ സ്കൂളുകൾക്ക് നൽകുന്ന ടോപ്പർ അവാർഡിന് വിഴിഞ്ഞം ഹാർബർ സ്കൂൾ 2024 - 25 അധ്യായന വർഷത്തി ലും മുൻവർഷങ്ങളിലെ പോലെ അർഹത നേടി.

- ബാലരാമപുരം ഉപജില്ല ശാസ്ത്രോത്സവത്തിലും, കായിക മേളയിലും വിവിധ മത്സരയിനങ്ങളിൽ ഉയർന്ന ഗ്രേഡുകളും സ്ഥാനങ്ങളും കരസ്ഥമാക്കാനും, ഏവരാലും ശ്രദ്ധിക്കപ്പെടുന്ന ഒരു വിദ്യാലയമാവാനും കഴിഞ്ഞ അദ്ധ്യാന വർഷങ്ങളിൽ ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

- വിവിധ ക്വിസ് മത്സരങ്ങളിൽ ഉപജില്ല, ജില്ലാ തലങ്ങളിൽ ഉന്നത വിജയങ്ങളും, എൽ.എസ്.എസ്. പരീക്ഷയിൽ വർഷങ്ങളായി മികച്ച നേട്ടവും കൈവരിക്കുന്നു.

# പ്രതിസന്ധികൾ

1. സ്കൂൾ വികസനത്തിനായി സർക്കാർ പുതുതായി അനുവദിച്ച നൽകിയ 50 സെന്റ് ഭൂമിക്കു ചുറ്റുമതിലും,സംരക്ഷണ ഭിത്തയും പൂർണ്ണമായും ഇല്ലാത്തതിനാൽ സാമൂഹ്യവിരുദ്ധരുടെ ശല്യം രൂക്ഷമാണിവിടെ. ആയതിനാൽ വിദ്യാലയവളപ്പിൽ മരങ്ങൾ വച്ച് പിടിപ്പിക്കാനോ ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കാനോ പച്ചക്കറി കൃഷി ചെയ്യുന്നതിനോ ഒന്നും കഴിയുന്നില്ല.അലഞ്ഞു നടക്കുന്ന കന്നുകാലികളും മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കു തടസ്സം നിൽക്കുന്നു.

2. സ്കൂൾ അപ്ഗ്രേഡ് ചെയ്തു അപ്പർ പ്രൈമറി ആയി തീർന്നതിനാൽ കായിക വിദ്യാഭ്യാസം ശരിയായ രൂപത്തിൽ നൽകുന്നതിനായി സ്വന്തമായിമൈതാനം ഇല്ലാത്തത് വലിയ പ്രതിസന്ധിയാണ്. സ്കൂളിന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകാമെന്ന് പറഞ്ഞ മൈതാനം ലഭ്യമാക്കുകയോ, നിലവിൽ നൽകിയിട്ടുള്ള 50 സെന്റ് സ്ഥലം ശരിപ്പെടുത്തി നല്കിയാലോഈ പ്രതിസന്ധി പരിഹരിക്കാനാവും.

3. ഭരണഘടനയും സർക്കാറും വിഭാവനം ചെയ്യുന്ന എല്ലാവർക്കും വിദ്യാഭ്യാസം എന്ന മൗലികാവകാശം, ഇവിടെയുള്ള തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടാനും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം അതിന്റെ ലക്ഷ്യം കൈവരിക്കണമെങ്കിലും ഈ സ്കൂൾ ഭാവിയിൽ ഹൈസ്കൂൾ ഹയർസെക്കൻഡറി തലങ്ങളിലേക്ക് ഉയർത്തപ്പെടേണ്ടതുണ്ട്. നിലവിൽ ഉപരിപഠനത്തിനായി കുട്ടികൾക്ക് വളരെ ദൂരം സഞ്ചരിക്കേണ്ട അവസ്ഥയാണുള്ളത്. കൊഴിഞ്ഞുപോക്കിനും ഇത് കാരണമാകുന്നു.

4. ലാബ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ കൂടുതൽ സൗകര്യങ്ങളോടുകൂടിയ ക്ലാസ് റൂമുകൾ അടങ്ങിയ പുതിയ കെട്ടിടം ഉണ്ടാവുക എന്നുള്ളത് അത്യാവശ്യമാണ്.ഭാവിയിൽ ഈ വിദ്യാലയം ഹൈസ്കൂൾ ഹയർസെക്കൻഡറി തലങ്ങളിൽ ഉയർത്താനും,നിലവിലെ യെ അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രാക്ടിക്കൽ പ്രവർത്തനങ്ങൾ ചെയ്യാനും ഇത്തരം സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം നിർബന്ധമാണ്.

5. നിലവിൽ ഏതാനും ക്ലാസ്സുകൾ മാത്രമാണ് ഐ.ടി. ഉപകരണങ്ങൾ ഉള്ള സ്മാർട്ട് ക്ലാസുകളുടെ സൗകര്യത്തിലുള്ളത്. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താവുന്ന രൂപത്തിൽ മുഴുവൻ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി തീർക്കാൻ വേണ്ട സൗകര്യങ്ങളും കൂടുതലായി ഉണ്ടാവേണ്ടതുണ്ട് .

6. വളരെ പാവപ്പെട്ട കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.അവരിൽ പരിമിതികളുണ്ട്. പ്രീ പ്രൈമറിയിൽ പഠിക്കുന്ന നൂറിലധികം വരുന്ന കുട്ടികൾക്ക് യൂണിഫോമും അനുബന്ധ പഠനസാമഗ്രികളും സംഘടിപ്പിക്കുന്നുള്ള വലിയ ബാധ്യത അധ്യാപക സമൂഹം ഏറ്റെടുക്കേണ്ടിവരുന്നു. സർക്കാരിൽ നിന്നും ബന്ധപ്പെട്ട ഇനത്തിൽ എന്തെങ്കിലും സഹായം ലഭിച്ചാൽ മാത്രമേ മുന്നോട്ടുള്ള വർഷങ്ങളിൽ
കൂടുതൽ ഭംഗിയാക്കാൻ കഴിയുകയുള്ളൂ എന്നുള്ള അവസ്ഥയാണുള്ളത്.

7. രണ്ടുശതമാനം കുട്ടികൾ പിന്നോക്കാവസ്ഥയിലാണ്. ആയതിലേക്കും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

# വിദ്യാലയം:വികസന കാഴ്ചപ്പാടുകൾ

അഞ്ചര പതിറ്റാണ്ട് മുൻപ് ആരംഭിച്ച്, ഇന്ന് അപ്പർ പ്രൈമറി വിദ്യാലയമായി മാറിയ ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ അധ്യാപക സമൂഹം, പി.ടി.എ., എസ്. എം.സി., നാട്ടുകാർ എന്നിവരുടെ ഒത്തൊരുമയോടെ ഉള്ള പ്രവർത്തനം ശ്രദ്ധേയമാണ്.ഓലമേഞ്ഞ കെട്ടിടങ്ങളിലെ പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് , ആധുനിക വിദ്യാലയങ്ങളോട് കിടപിടിക്കുന്ന സൗകര്യങ്ങൾ ഉള്ള സ്ഥാപനമായി ഉയർന്നിട്ടുണ്ടെങ്കിലും വികസന കാര്യങ്ങളിൽ ഒരുപാട് സ്വപ്നങ്ങൾ ഇനിയുമുണ്ട്.

പരിമിതമായ കളിസ്ഥലം എന്നതിൽ നിന്ന് വിശാലമായ നല്ലൊരു കളിസ്ഥലം എന്നത് വിദ്യാലയവികസന പാതയിലേയ്ക്കുള്ള നല്ലൊരു ചവിട്ടുപടിയായി കരുതാം. കെട്ടുറപ്പുള്ള ചുറ്റുമതിൽ -സാമൂഹ്യ വിരുദ്ധർ, കന്നുകാലികൾ എന്നിവയിൽ നിന്ന് വിദ്യാലയത്തെ രക്ഷിക്കും. ജൈവകൃഷി, ജൈവവൈവിധ്യപാർക്ക് എന്നീ സ്വപ്നങ്ങളും അതിലൂടെ സാധ്യമാകും.

ഇതിനു പുറമെ വിദ്യാലയത്തിലെ എല്ലാ കുട്ടികളും മികച്ച അക്കാദമിക നിലവാരം പുലർത്തണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. സ്കൂൾ ഫൈനൽ പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും നേടേണ്ട എല്ലാ ശേഷികളും നേടിക്കൊണ്ടുതന്നെ പുറത്തു പോകണം എന്നതാണ് ഞങ്ങളുടെ ആഗ്രഹം.അതിനായുള്ള കഠിനപരിശ്രമം തുടരുന്നു.

കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി സ്കൂളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു .കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന കലാഭിരുചി വെളിച്ചത്തു കൊണ്ടുവരാൻ ബാലസഭ, വിദ്യാരംഗം കലാസാഹിത്യ വേദി എന്നിവയുടെ പ്രവർത്തനം സഹായകരമാകുന്നുണ്ട്.അസ്സംബ്ലിയിലെ ക്വിസ്സ് പരിപാടി, കടങ്കഥാ പരിപാടി, ആഴ്ചതോറുമുള്ള പരീക്ഷണങ്ങൾ എന്നിവയെല്ലാം ബന്ധപ്പെട്ട മേഖലകളിൽ കുട്ടികളുടെ വിജ്ഞാനം വർദ്ധിപ്പിക്കുന്നു.മനോരമയുടെ"നല്ലപാഠം" സ്കൂളിൽ നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.കുട്ടികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാനും അവരെ സാമൂഹ്യ ബോധമുള്ളവരാക്കാനും ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയുന്നു. പ്രധാനപ്പെട്ട എല്ലാ ദിനങ്ങളും അർഹിക്കുന്ന പ്രാധാന്യം നൽകി ആചരിച്ചുവരുന്നുണ്ട്. കുട്ടികൾക്ക് സന്തോഷവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന തരത്തിൽ ഫീൽഡ്ട്രിപ്പുകളും പഠനയാത്രകളും നടത്തുന്നുണ്ട്.

## *പൊതുലക്ഷ്യങ്ങൾ*

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായതരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക്നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 5 ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10.ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11.ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12.മാലിന്യ മുക്ത വിദ്യാലയം,ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13 . കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

14. വിദ്യാലയം പരിപൂർണ്ണമായും ഹൈടെക് ആക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

16. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവർക്കെതിരെ മുൻകരുതലുകൾ സ്വീകരിക്കുക.

17. മാനസിക ഉന്മേഷവും ബൗദ്ധിക വികാസത്തിനുമായി വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ച കായികപരിശീലനവും നൃത്തവും പരിശീലിപ്പിക്കുക.

18. മാലിന്യമുക്ത കേരളത്തിന് കൈത്താങ്ങാവാൻ സ്വപ്നതീരം പദ്ധതി വിജയകരമായി പൂർത്തിയാക്കൽ

## അക്കാദമിക ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തര ത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.

7 മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന്

6.പ്രയോജനപ്പെടുത്തുക. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7. ക്ലാസ്സ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

### പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകര ണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4 ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1.ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തൻ്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യ തകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പ ന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിൻ്റെ വികസനത്തിന് അവസരമൊരുക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. "ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

2 എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3. ആരോഗ്യ ശീലങ്ങൾ വളർത്തുക.

4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5.ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക.

5. ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# 2025 - 26 അധ്യായന വർഷത്തെ വിവിധ ക്ലാസുകളിലെ അക്കാദമിക പ്രവർത്തന രൂപരേഖ

## ഒന്നാം ക്ലാസ്

### മലയാളം

**ലക്ഷ്യങ്ങൾ:**

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആവശ്യങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക

2. രോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിൽ പങ്കിടാനുള്ള കഴിവ് നേടുക.

3.സ്വന്തം ആശയം, ഡയറി , വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

4. സർഗാത്മകരചനകകൾ നടത്താനുള്ള കഴിവ് നേടുക

5.സംയുക്ത ഡയറി പ്രസിദ്ധീകരിക്കുക

| | |
|---|---|
| പ്രവർത്തനങ്ങൾ | 1 .പൂർണ പങ്കാളിത്തമുള്ള ക്ലാസ് PTA ഉറപ്പാക്കുക<br>2 . സ്വതന്ത്രഭാഷണത്തിന് അവസരം നൽകുക.<br>3 . രക്ഷിതാവിന്റെ പങ്കാളിത്തത്തോടെ വായനോത്സവം സംഘടിപ്പിക്കുക<br>4 .കഥാവേള സംഘടിപ്പിക്കുക<br>5 .വീട്ടിലും ക്ലാസിലും വായനാക്കാർഡുകളുടെ വായന സംഘടിപ്പിക്കുക<br>6 .ഒറ്റയ്ക്കും കൂട്ടായും താളമിട്ട് പാട്ടരങ്ങ് സംഘടിപ്പിക്കുക<br>7 .ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക |

## English

| Activities | objectives |
|---|---|
| Phonic sound | Enable students to listen understand and imitate the Phonic sounds .Teacher says the words loudly emphasising Phonic sounds . |
| Growing Sentences | Read and write simple words and sentences,Draw picture of an object read and write it in their text book |
| Picture talk | Understand new words through game. Draw a picture and write words about it |
| Draw and describe | Use simple sentence correctly.,,<br>Draw a picture and write, description about it |

## ഗണിതം

ലക്ഷ്യങ്ങൾ;

- ഒന്നു മുതൽ അഞ്ചുവരെ സംഖ്യകൾ എഴുതുന്നു വ്യാഖ്യാനിക്കുന്നു
- ഒരക്ക സംഖ്യകൾ എഴുതാനും എണ്ണി എടുക്കാനും കഴിയുന്നു
- സംഖ്യകളെ ആരോപണ അവരോഗണ ക്രമത്തിൽ എഴുതുന്നു
- ഒന്നു മുതൽ 20 വരെ എണ്ണുന്നു.

| കാലയളവ് | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ | സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു , സംഖ്യാ കാർഡ് നിർമ്മിക്കുന്നു |
| ജൂലൈ | ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു,സംഖ്യ കാർഡ് നിർമ്മിക്കുന്നു |
| ആഗസ്റ്റ് | ഒന്നു മുതൽ 20 വരെ സഖ്യകൾ തിരിച്ചറിയുന്നു,കൂടുതൽ കുറവ് തിരിച്ചറിയുന്നു ,ഗണികിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു |
| സെപ്റ്റംബർ | സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ ,ഒരക്ക സംഖ്യകളുടെ സങ്കലനം വ്യവകലനം നടത്തുന്നു,ഒന്നിനോട് ഒന്ന് കൂട്ടിയാൽ അടുത്ത സംഖ്യ കിട്ടും എന്ന് തിരിച്ചറിയുന്നു,സംഖ്യാ ഗാനങ്ങൾ ആലപിക്കൽ |
| ഒക്ടോബർ | ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ ,വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയാൻ |
| നവംബർ | സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു,ഉറക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു |
| ഡിസംബർ | സംഖ്യകൾ ആരോപണ അവരോഹണ ക്രമത്തിൽ എഴുതുന്നു,ഗണിത ആൽബം തയ്യാറാക്കൽ |
| ജനുവരി | രക്ത സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനം,സങ്കലന വ്യവകലന ചിന്നം തിരിച്ചറിയൽ,ഒന്നു മുതൽ 10 വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു |
| ഫെബ്രുവരി | വിലവിവരപ്പട്ടിക തയ്യാറാക്കുന്നു,പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു |
| മാർച്ച് | ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.,ഉല്ലാസ ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു, സംഖ്യ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു |

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ▷ അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടമാണ് ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക<br>• ലാംഗ്വേജ് ഗെയിംസ് | ജൂൺ മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>PTA |
| ▷ അക്ഷര രൂപ വ്യത്യാസം മനസിലാക്കുക | • അക്ഷര വായന<br>• ക്ലാസ് വായന<br>• ചിത്ര വായന<br>• വീട്ടുവായന<br>• അക്ഷര കാർഡുകളാ ഉപയോഗിച്ച് വിവിധ തരം കളികൾ | ജൂൺ മാർച്ച് | | |
| ▷ തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ്<br>എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുക<br>ലളിതമായ പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | • ഇ വായന<br>ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക<br>അക്ഷര കാർഡ് നിർമ്മാണം | ജൂൺ മാർച്ച് | | |

# രണ്ടാം ക്ലാസ്

## മലയാളം

### പ്രവർത്തന ലക്ഷ്യങ്ങൾ:

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

### മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ C.P.T.A നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

### പ്രവർത്തന ലക്ഷ്യം

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

| *കാലയളവ്* | *പ്രവർത്തനങ്ങൾ* |
|---|---|
| ***ജൂൺ*** | • ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)<br>• ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>• . വായനാ സാമഗ്രികൾ നിർമിക്കൽ<br>• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ |
| ***ജൂലൈ*** | • ഭാഷയുമായി ബന്ധപ്പെട്ട I.C.T സാധ്യത ഉറപ്പാക്കുന്നു.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.<br>• സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.<br>• |
| ***ആഗസ്റ്റ്*** | • ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>• വീട്ടു ലൈബ്രറി ഒരുക്കൽ<br>• ചിത്ര വിവരണം<br>• വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു. |

| | |
|---|---|
| സെപ്റ്റംബർ | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>• വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ |
| ഒക്ടോബർ | • കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br>• വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു. ഉദാ:- ആന,വലിയ ആന,കറുത്ത വലിയ ആന |
| നവംബർ | • കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു. |
| ഡിസംബർ | • ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. |
| ജനുവരി | • വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)<br>• ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ |
| ഫെബ്രുവരി | • എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ച എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )<br>• കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ. |
| മാർച്ച് | • വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.<br>• ഇൻലൻറ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ<br>• ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.<br>• വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.<br>• ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ |
| | |

# English

## Aim

*To speak & write English without any mistakes*

| കാലയളവ് | പ്രവർത്തനം | ഫലം |
|---|---|---|
| June | 1. Pretest<br>2. Listening skills<br>3. Speaking skills | • To develop listening skills & reading skills first<br>• Games, Action songs Hello English activities,2 conversations, skit stories<br>• Use I.C.T<br>• Descriptions, growing sentences , picture reading, picture description self introduction<br>• Assembly activities- speech , book review, quiz riddles,self introduction. School radio etc |
| July & August | 1. Reading skills<br>2. Writing skills | • News paper reading, library books reading, book review, reading breaking news, find words.<br>• collect and read past tense,rhyming words, describing words etc<br>• Textbook activities<br>• Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines |

# ഗണിതം

## ആമുഖം

*ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.*

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

| കാലയളവ് | പ്രവർത്തനം |
|---|---|
| **ജൂൺ** | • 1, 2, 3, 4 ......<br>1,3,5,7....<br>10,20,30,40,....<br>5,10,15,20....<br>2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>• ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ . |
| **ജൂലൈ** | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5 = 10, 10+10= 20) |
| **ആഗസ്റ്റ്** | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ<br>• 99 നോട് 1 കൂട്ടിയാൽ 100<br>• 10 പത്തുകൾ ചേർന്നാൽ 100 ആകും |

| | |
|---|---|
| | • 100 ഒന്നുകൾ ചേർന്നതാണ് 100<br>• ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ |
| **സെപ്റ്റംബർ** | • ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>• വിലവിവരപട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരുകട,സ്കൂളിലൊരുകട,.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു. |
| **ഒക്ടോബർ** | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു<br>• സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)<br>5...10.... 15.... 20... 25<br>(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം) |
| **നവംബർ** | • സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>• പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ<br>• "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ<br>10 രൂപ +5 രൂപ = 15 രൂപ നോട്ട് നാണയം |
| **ഡിസംബർ** | • സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.<br>• സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)<br>• രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. |
| **ജനുവരി** | • വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ<br>• പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ<br>• സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ |
| **ഫെബ്രുവരി** | • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>• ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ |
| **മാർച്ച്** | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>• കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. |

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ▷ അറബി ഭാഷ സംസാരിക്കുന്നതിന് ആത്മ വിശ്വാസം വളർത്തിയെടുക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>PTA |
| ▷ ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വീട്ടു വായന ക്ലാസ് വായന<br>വായന മത്സരങ്ങൾ<br>ഇ വായന | ജൂൺ മാർച്ച് | | |
| ▷ സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക<br>ചെറു വാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുക | വിശേഷ ദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക<br>ഇ വായന | ജൂൺ മാർച്ച് | | |

# മൂന്നാം ക്ലാസ്

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം<br>പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം<br>പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം<br>പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം<br>കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി<br>പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| | പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | | | |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
